# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

19-06-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3266

## മാരിടൈം ബോർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. കെ.എൻ.എ ഖാദർ :<br>ശ്രീ. കെ.എം.ഷാജി :<br>ശ്രീ. പാറക്കൽ അബ്ദുല്ല : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ നിയന്ത്രണത്തിനും നടത്തിപ്പിനുമായി മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) | 16/09/2017-ൽ നിലവിൽ വന്ന കേരളാ മാരിടൈം ബോർഡ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി 02/2/2018 ൽ കേരളാ മാരിടൈം ബോർഡിൽ ചെയർമാനേയും മറ്റ് അംഗങ്ങളേയും ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും മാരിടൈം ബോർഡുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചട്ടങ്ങൾ നിലവിൽ വരുന്നതോടെ തുറമുഖ ഡയറക്ടറേറ്റ്, കേരളാ സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി എന്നിവ മാരിടൈം ബോർഡിന്റെ ഭാഗമാകുന്നതാണ്. |
| (ബി) മാരിടൈം ആക്റ്റിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും | ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) അടിയന്തരമായി ചട്ടങ്ങൾ രൂപീകരിച്ച് ബോർഡിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ